# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 05, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 251)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 5127 മുതൽ 5229 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 5230 മുതൽ 5274 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 5275 മുതൽ 5322 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 5323 മുതൽ 5377 വരെ |

### ഭൂഗർഭ കേബിൾ വഴി വൈദ്യുതി വിതരണം

5127 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഭൂഗർഭ കേബിൾ ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ; പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിനോടകം എത്ര കിലോമീറ്റർ ദൂരം കേബിൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്;

(സി) ഇപ്രകാരം കേബിൾ സ്ഥാപിക്കുന്നതിന് കിലോമീറ്ററിന് എന്തുതുകയാണ് ചെലവ് വരുന്നത്;

(ഡി) ഇപ്രകാരം നഗരങ്ങളിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും വശങ്ങളിലൂടെയും മറ്റും കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം**

5128 ശ്രീ. കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' എ.റ്റി. ജോർജ്
'' റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഊർജ്ജ ക്ഷമതയെക്കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്?

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**<u>എനർജി ഇൻഫർമേഷൻ ബ്യൂറോ</u>**

5129 ശ്രീ. സണ്ണി ജോസഫ്
'' പി. സി. വിഷ്ണുനാഥ്
'' പി. എ. മാധവൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇതിനാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണത്തിനുള്ള കാലാവധി</u>

5130 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ എത്ര തവണ നിശ്ചിത സമയപരിധി നീട്ടി നൽകിയിട്ടുണ്ട്; ഇപ്പോഴത്തെ കാലാവധി അവസാനിക്കുന്നത് എന്നാണ്;

(സി) ഇപ്പോൾ നീട്ടിക്കിട്ടിയിട്ടുള്ള കാലാവധി ഇനിയും നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സംഘടനകളുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വടക്കു - കിഴക്കൻ അതിർത്തി സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ജലവൈദ്യുത പദ്ധതികൾ**

**5131** **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടക്കു - കിഴക്കൻ അതിർത്തി സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ അത് സംബന്ധിച്ച സാധ്യതകൾ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**പാരമ്പര്യേതര ഊര്‍ജ്ജ പദ്ധതികള്‍**

5132 **ശ്രീ. സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഊര്‍ജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനായി ഏതെല്ലാം പാരമ്പര്യേതര ഊര്‍ജ്ജ പദ്ധതികളാണ് പ്രാധാന്യം നല്‍കി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്;

(ബി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സോളാർ ഹോം പദ്ധതി**

5133 **ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സോളാർ ഹോം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഊർജ്ജസംരക്ഷണ പരിപാടികൾ**

**5134 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഊർജ്ജസംരക്ഷണ പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് 2011-12 ലെ ബജറ്റിൽ എന്തു തുക നീക്കിവച്ചിരുന്നു; ഇതിൽ എത്ര രൂപ ചെലവാക്കി; ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഊർജ്ജസംരക്ഷണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ശേഖരണം, വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി</u>**

5135 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) പദ്ധതി പൂർത്തിയാക്കാൻ കാലതാമസം വന്നതിനാൽ കൂടുതൽ തുക അനുവദിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>സംയോജിത ഊർജ്ജ വികസന പദ്ധതി</u>**

**5136** **ശ്രീ. ഇ.കെ.വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്;**

(ബി) **ഊർജ്ജ മന്ത്രാലയം നിഷ്കർഷിക്കുന്ന സമയത്തിനകം പദ്ധതി പൂർത്തിയാക്കിയാൽ വായ്പയുടെ എത്ര ശതമാനമാണ് ഗ്രാന്റായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **ഈ പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്; ഇതുവരെയായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; പദ്ധതി പൂർത്തിയാക്കേണ്ട കാലാവധി എന്നാണ് അവസാനിക്കുന്നത്;**
**വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>കൊച്ചിയിൽ വൈദ്യുതി നിലയം</u>

5137 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഏത് കമ്പനിയുമായി ചേർന്നാണ് വൈദ്യുതി നിലയം സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വൈദ്യുതി നിലയത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആതിരപ്പിള്ളി പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി**

5138 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് ഗുണ്ടിയപദ്ധതിയ്ക്കായി 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി 400 ഹെക്ടറോളം വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിട്ടുനൽകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ആതിരപ്പള്ളി പദ്ധതിയ്ക്ക് കേവലം 30 ഹെക്ടർ വനഭൂമി 123 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ ത്തിന്റെ അനുമതി നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

സമ്പൂർണ്ണ വൈദ്യുതികരണം

5139 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യൂതികരണം നടപ്പിലാക്കി യിട്ടുണ്ട്;

(ബി) പ്രസ്തുത നിയോജകമണ്ഡലങ്ങളുടെ പേരും ഓരോ നിയോജമണ്ഡലത്തിലും നൽകിയ കണക്ഷനുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മണ്ഡലങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### ഊര്‍ജ്ജ സംരക്ഷണം

5140 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
'' ഷാഫി പറമ്പില്‍
'' എം.എ. വാഹീദ്
'' ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ഊര്‍ജ്ജ സംരക്ഷണ സാധ്യമാക്കത്തക്കവിധത്തില്‍ ഉപഭോഗത്തില്‍ ബോധവല്‍ക്കരണം നല്കുന്നതിന് എന്തെല്ലാം കര്‍മ്മപരിപാടി കളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഊര്‍ജ്ജ സംരക്ഷണത്തില്‍ മികവ് പുലര്‍ത്തുന്ന ഉപഭോക്താ ക്കള്‍ക്കും സ്ഥാപനങ്ങള്‍ക്കും അവാര്‍ഡ് നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കില്‍ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ഇ.ബി. വഴി സബ്സിഡി നിരക്കിൽ സോളാർ വാട്ടർ ഹീറ്ററുകളും സോളാർ ലൈറ്റുകളും നൽകുന്നതിന് പദ്ധതി</u>**

**5141 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി, സാധാരണ ബൾബുകൾക്കു പകരം, സി.എഫ് ലാമ്പുകൾ ഉപയോഗിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കിയതിലൂടെ വൈദ്യുതി എത്രമാത്രം ലാഭിക്കാൻ കഴിഞ്ഞു എന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി സോളാർ വാട്ടർ ഹീറ്ററുകളും സോളാർ ലൈറ്റുകളും പകുതി വിലക്കോ പരമാവധി 50% വരെ സബ്സിഡിയിലോ കെ.എസ്.ഇ.ബി മുഖേന ഉപഭോക്താക്കൾക്ക് നൽകുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**എ.ബി സ്വിച്ചുകളുടെ ഗുണനിലവാരം**

5142 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത തടസ്സങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡ് വാങ്ങുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മ വൈദ്യുത തടസ്സമുണ്ടാക്കുന്നതിന് കാരണമാകുന്നുണ്ടോ;

(സി) വിതരണലൈനുകളിൽ സ്ഥാപിച്ചിട്ടുള്ള എ. ബി സ്വിച്ചുകളുടെ ഗുണനിലവാരമില്ലായ്മ വൈദ്യുത തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര എ.ബി സ്വിച്ചുകൾ നിലവിലുണ്ടെന്നും ഇതിൽ പൂർണ്ണമായും പ്രവർത്തനരഹിതമായത് എത്രയെണ്ണമാണെന്നും വ്യക്തമാക്കുമോ?

(ഇ) എ.ബി സ്വിച്ചുകൾ ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങുന്നതെന്നും, കേട് വന്ന് എ.ബി സ്വിച്ചുകൾ എത്ര എണ്ണമുണ്ടെന്നും അവ ഏതെല്ലാം കമ്പനികളുടേതാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്**

5143

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും വീണ്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എല്ലാ ഉപഭോക്താക്കളും മൂന്ന് മാസത്തെ വൈദ്യുത ചാർജിന് തുല്യമായ തുക ബോർഡിന് നൽകണമെന്നുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ബോർഡ് മുൻകാലങ്ങളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇതിലൂടെ എന്തു തുകയാണ് ബോർഡിന് പിരിഞ്ഞു കിട്ടിയത്;

(ഡി) പുതിയ തീരുമാനത്തിലൂടെ ബോർഡ് എന്തു തുകയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അഡീഷണൽ ഡെപ്പോസിറ്റ്**

5144 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ അഡീഷണൽ ഡെപ്പോസിറ്റ് ഒടുക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് വൈദ്യുതിബോർഡ് അറിയിപ്പുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അങ്ങനെ നിർദ്ദേശിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആയത് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അനുമതിക്ക് വിധേയമായിട്ടാണോ നടപ്പിലാക്കുന്നത് ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>മീറ്റര്‍ ടെസ്റ്റിംഗ് ലബോറട്ടറികള്‍</u>**

**5145 ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പത്തനംതിട്ട ജില്ലയില്‍ എന്‍.എ.ബി.എല്‍ ലെവലില്‍ എത്ര മീറ്റര്‍ ടെസ്റ്റിംഗ് ലബോറട്ടറികള്‍ പ്രവര്‍ത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ലാബുകള്‍ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**<u>എൻ.എ.ബി.എൻ നിലവാരമുള്ള മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ</u>**

**5146 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എൻ.എ.ബി.എൽ നിലവാരത്തിൽ എത്ര മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിച്ചുവെന്നും അതിൽ എത്രയെണ്ണത്തിന് എൻ.എ.ബി.എൽ നിലവാരം ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര റീജണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളെ എൻ.എ.ബി.എൽ നിലവാരത്തിലേക്ക് ഉയർത്തിയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ലോഡ് ഷെഡിംഗ്**

5147

**ശ്രീ. എം. ഉമ്മര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷം എത്ര ദിവസം ലോഡ് ഷെഡിംഗ് ഏര്‍പ്പെടുത്തേണ്ടിവന്നു;

(ബി) വരും വര്‍ഷങ്ങളിലും സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് തുടരേണ്ട സാഹചര്യമുണ്ടോ;

(സി) സംസ്ഥാനത്തെ ഡാമുകളില്‍ എത്ര ദിവസത്തെ വൈദ്യുതി ഉല്‍പ്പാദനത്തിനുള്ള വെള്ളം അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി ഉല്പാദനത്തിനായി പുതിയ പദ്ധതികള്‍ പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി. കമ്പനിവല്‍ക്കരണവും പെന്‍ഷന്‍കാരുടെ ആശങ്കകളും**

**5148 ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി. കമ്പനിവല്‍ക്കരണത്തിന്റെ ഭാഗമായി പെന്‍ഷന്‍ സ്കീമില്‍ എന്തെങ്കിലും മാറ്റം കൊണ്ടുവരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ ആശങ്കകള്‍ പരിഹരിക്കാതെ കമ്പനിവല്‍ക്കരണ നടപടിയുമായി മുന്നോട്ട് പോകില്ലെന്ന് ഉറപ്പ് നല്‍കുമോ;

(സി) കെ.എസ്.ഇ.ബി. ജീവനക്കാരുടെ വണ്‍ റാങ്ക് വണ്‍ പെന്‍ഷന്‍ തുടങ്ങിയ വിവിധ ആവശ്യങ്ങളിന്മേലുളള സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### പട്ടണങ്ങളിലെ വൈദ്യുതി വിതരണം

5149

ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏല്‍പിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതൊക്കെ പട്ടണങ്ങളിലെ വൈദ്യുതി വിതരണമാണ് സ്വകാര്യ ഫ്രാഞ്ചൈസിയെ ഏല്‍പിക്കാന്‍ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈദ്യുത പദ്ധതികൾ**

5150 **ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2001-06-ലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികളാണ് മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയായി ഉദ്ഘാടനം ചെയ്തത്; പദ്ധതിയുടെ പേരും പ്രസ്തുത പദ്ധതിയുടെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികളാണ് ഈ സർക്കാർ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത്; പദ്ധതിയുടെ പേരും ആയതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(സി) 2001-06 സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത കാലയളവിൽ തന്നെ ഉദ്ഘാടനം ചെയ്ത ഏതെങ്കിലും വൈദ്യുത പദ്ധതി ഉണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും ആയതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത കാലയളവിൽ തന്നെ നിർമ്മാണം പൂർത്തിയാക്കിയ ഏതെങ്കിലും വൈദ്യുത പദ്ധതി ഉണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും അതിന്റെ ഉത്പാദനശേഷിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതിക്കായുള്ള അണക്കെട്ടിലെ വെള്ളത്തിന്റെ അളവ്

5151 ശ്രീ. എ.കെ. ബാലൻ
,, കെ.കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യൂ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതിക്കായുള്ള അണക്കെട്ടിലെ വെള്ളത്തിന്റെ അളവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറയുവാനുള്ള പ്രധാന കാരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ പ്രശ്നത്തെ തുടർന്ന് ഇടുക്കി ഡാം തുറന്ന് വിട്ടതു മൂലം എത്ര വെള്ളമാണ് പാഴായതെന്ന് വ്യക്തമാക്കുമോ;

(സി) ജലവൈദ്യുത നിലയങ്ങളിലെ അണക്കെട്ടുകളുടെ സംഭരണ ശേഷിയുടെ എത്ര ശതമാനം വെള്ളമാണ് ഇപ്പോൾ ഉള്ളതെന്നും മുൻ വർഷം ഇതേ സമയം എത്രയായിരുന്നുവെന്നും ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇടുക്കി ഡാം ഉൾപ്പെടെയുള്ള ഡാമുകളിലേക്ക് ഇപ്പോൾ വർദ്ധിച്ച തോതിലുള്ള നീരൊഴുക്ക് ഉണ്ടാകുന്നുണ്ടോ; എങ്കിൽ കാലവർഷം കഴിയുന്നതോടെ ജലസംഭരണികളിൽ വെള്ളം ആവശ്യത്തിന് അനുസൃതമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം ഇപ്പോൾ കുറഞ്ഞിട്ടുണ്ടോ; ഉപഭോഗം കുറഞ്ഞതു കൊണ്ട് പ്രതിദിനം എത്ര വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വന്‍കിട സ്ഥാപനങ്ങളുടെ വൈദ്യുതി മോഷണം</u>

5152

ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ വന്‍കിട സ്ഥാപനങ്ങള്‍ വന്‍തോതില്‍ വൈദ്യുതി മോഷണം നടത്തുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ എത്ര കേസുകളാണ് രജിസ്റ്റര്‍ ചെയ്തിട്ടുള്ളത്;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം പ്രസ്തുത ഇനത്തില്‍ എത്ര രൂപ പിഴയായി ഈടാക്കാന്‍ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷൻ സംബന്ധിച്ച ഉത്തരവ്**

5153 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 28.10.11-ന് വൈദ്യുതി ബോർഡ്, വൈദ്യുതി കണക്ഷൻ സംബന്ധിച്ച് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഏതെല്ലാം വിഭാഗങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ സൗജന്യമായി ലഭിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് സി.ഡി. അടച്ചതിൽ ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണ് വൈദ്യുതി കണക്ഷൻ കൊടുത്തിരുന്നത് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സൈനികര്‍ക്ക് വൈദ്യുതി കണക്ഷന്‍**
**നല്‍കുന്നതിനുള്ള മാനദണ്ഡം**

5154 **ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സൈന്യത്തില്‍ ജോലി നോക്കുന്നവര്‍ക്കും വിമുക്തഭടന്‍മാര്‍ക്കും വൈദ്യുതി കണക്ഷന്‍ നല്‍കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തില്‍ നല്‍കുന്ന ഇളവുകള്‍ എന്തൊക്കെയാണ്;

(സി) 9.11.1999-ലെ ജി.ഒ.(ആര്‍.ടി)നം.293/99പി.ഡി യുടെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യ വൈദ്യുതി കണക്ഷൻ**

5155 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന മുൻസർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന പദ്ധതി ഇപ്പോൾ നിലവിലില്ലെങ്കിൽ അത് നിർത്തലാക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.07.2012 -ലെ മറുപടിക്ക്

## സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

5156

**ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിവിധ വകുപ്പുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും 2012 മെയ് 31 ലെ കണക്ക് പ്രകാരം എത്ര രൂപ കുടിശ്ശിക ഇനത്തിലും മറ്റും ലഭിയ്ക്കാനുണ്ട്; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2011 ജൂൺ മാസം 1-ാം തീയതി മുതൽ 2012 മെയ് മാസം 31-ാം തീയതിവരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തുകയുണ്ടായി; ആരെയെല്ലാമാണ് കുറ്റക്കാരായി കണ്ടെത്തിയത്; എത്ര തുക പിഴ ഈടാക്കി; വിശദാംശം നൽകാമോ?

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**<u>സര്‍ക്കാര്‍ ഓഫീസുകളിലെ വൈദ്യുതി കുടിശ്ശിക</u>**

5157 **ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ വിവിധ സര്‍ക്കാര്‍ ഓഫീസുകളില്‍നിന്നും വൈദ്യുതി കുടിശ്ശിക ഇനത്തില്‍ കെ.എസ്.ഇ.ബി.-ക്ക് എത്ര രൂപ ലഭിക്കാനുണ്ട് ; ഡിവിഷന്‍ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കാനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതി**

5158 **ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതി എസ്.എം.എസ് മുഖേന പരിഹരിച്ചില്ലെങ്കിൽ 155333 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിക്കാൻ ഏർപ്പെടുത്തിയ സംവിധാനത്തിൽ ഇതേവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ പരിഹരിച്ചവ എത്ര എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**തൃശ്ശൂർ ജില്ലയിലെ ആർ.ജി.ജി.ഇ.വൈ**

5159 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആർ.ജി.ജി.ഇ.വൈ. പദ്ധതിപ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിലെ ഈ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**'സി' ക്ലാസ്സ് കോൺട്രാക്റ്റ് ലൈസൻസ്**

5160 **ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'സി' ക്ലാസ്സ് കോൺട്രാക്റ്റ് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കാമോ;

(ബി) വയർമാൻ ലൈസൻസ് ലഭിച്ചശേഷം 20 വർഷത്തെ പ്രവർത്തിപരിചയം നേടിയവർക്ക് 'സി' ക്ലാസ്സ് കോൺട്രാക്റ്റ് ലൈസൻസ് നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം വ്യവസ്ഥ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊര്‍ജ്ജസ്രോതസ്സുകളില്‍ നിന്നും വൈദ്യുതി</u>

5161 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അലീഗഡ് സര്‍വ്വകലാശാലയുടെ മലപ്പുറം കാമ്പസില്‍ പാരമ്പര്യേതര ഊര്‍ജ്ജ സ്രോതസ്സുകളായ കാറ്റ്, സൂര്യപ്രകാശം എന്നിവയില്‍ നിന്നും വൈദ്യുതി നിര്‍മ്മിക്കുവാനുള്ള നിര്‍ദ്ദേശം വൈദ്യുതി വകുപ്പിന്റേയോ അനര്‍ട്ടിന്റേയോ പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കില്‍ പാരമ്പര്യേതര ഊര്‍ജ്ജ സ്രോതസ്സുകളെ ഉപയോഗിച്ച് മലപ്പുറം അലീഗഡ് ഓഫ് ക്യാമ്പസില്‍ വൈദ്യുതി ഉല്‍പാദനം സാധ്യമാണോ എന്ന് പരിശോധിച്ച്, ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനി വൈദ്യുതീകരണം</u>**

**5162 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പെരുന്തേനരുവി ഹൈഡൽ പ്രോജക്ട്</u>

5163 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ പെരുന്തേനരുവി കേന്ദ്രമാക്കി നിർമ്മിക്കുന്ന മിനി ഹൈഡൽ പ്രോജക്ടിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇപ്പോൾ എന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളാണ് ഇവിടെ നടന്ന് വരുന്നത് ; എന്നത്തേയ്ക്കാണ് ഈ പ്രവർത്തനം പൂർത്തീകരിക്കുക ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഡാം നിർമ്മാണം പൂർത്തിയാകുമ്പോൾ, ഡാമിനുമുകളിലൂടെ വാഹനങ്ങൾക്ക് പോകാൻ കഴിയുംവിധം ഒരു സംവിധാനമുണ്ടാകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓവർ ഫ്ളോ ഡാമായതിനാൽ ഇത്തരത്തിൽ ഒരു സൗകര്യമുണ്ടായാൽ ഇരു കരകളിലും താമസിക്കുന്നവർക്ക് ഉപയോഗപ്രദമായരിക്കുമെന്നതിനാൽ ഇതിന് അനുമതി നൽകുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കായംകുളം മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകൾ**

5164 **ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ്;

(ബി) ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തേമ്പാമുട്ടത്ത് സബ് സ്റ്റേഷൻ**

**5165** **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. തിരുവനന്തപുരം ട്രാൻസ്മിഷൻ സർക്കിളിന്റെ കീഴിൽ തേമ്പാമുട്ടത്ത് തുടങ്ങുന്ന സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്; ആയതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) എന്ന് നിർമ്മാണം പൂർത്തിയാകും;

(സി) പ്രസ്തുത സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ ഏതൊക്കെ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**പാടിക്കുന്നിൽ 110 കെ.വി. സബ്സ്റ്റേഷൻ**

**5166 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മയ്യിൽ ഗ്രാപഞ്ചായത്തിൽപ്പെടുന്ന പാടിക്കുന്ന് 110 കെ.വി. സബ്സ്റ്റേഷൻ പണിയുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇല്ലെങ്കിൽ മയ്യിൽ, കൊളച്ചേരി, കുറ്റ്യാട്ടൂർ, മലപ്പട്ടം, നാറാത്ത് തുടങ്ങിയ പഞ്ചായത്തുകളുടെ ആവശ്യകത കണക്കിലെടുത്ത് പാടിക്കുന്നിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പൂജപ്പുര മേജർ സെക്ഷന്റെ പരിധിയിലെ ഉപഭോക്താക്കളുടെ എണ്ണം</u>

5167 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു കെ.എസ്.ഇ.ബി. മേജർ സെക്ഷന്റെ പരിധിയിൽ പരമാവധി ഉൾപ്പെടുത്താവുന്ന വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണ്;

(ബി) നേമം നിയോജകമണ്ഡലത്തിൽപ്പെടുന്ന പുജപ്പുര മേജർ സെക്ഷന്റെ പരിധിയിൽ പരമാവധി ഉപഭോക്താക്കളുടെ എണ്ണത്തെക്കാളധികം പേർ ഉപഭോക്താക്കളായി ഉണ്ടോ ;

(സി) എങ്കിൽ അവരുടെ കൃത്യമായ എണ്ണം എത്രയാണെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പൂജപ്പുര മേജർ സെക്ഷന്റെ പരിധിയിൽപ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ**

**5168** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ പൂജപ്പുര മേജർ സെക്ഷന്റെ പരിധിയിൽ അനുവദനീയമായതിന്റെ ഇരട്ടിയിലധികം ഉപഭോക്താക്കൾ ഉള്ളതിനാൽ പൊതുജനങ്ങൾ, ഉപഭോക്താക്കൾ, വൈദ്യുതി ബോർഡ് ജീവനക്കാർ എന്നിവർക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ, തകരാറു തീർക്കൽ, വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിക്കൽ തുടങ്ങിയവയ്ക്കായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പാപ്പനംകോട് സെക്ഷൻ ഓഫീസ്</u>

5169 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുരയിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ മേജർ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് എന്ന സ്ഥലത്ത് പുതിയൊരു സെക്ഷൻ ഓഫീസ് സ്ഥാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളോ, പ്രൊപ്പോസലുകളോ നിലവിലുണ്ടോ ;

(ബി) എങ്കിൽ ആയതിന്മേൽ എന്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പന്തളം തെക്കേക്കര ഇലക്ട്രിസിറ്റി ആഫീസ്</u>

5170 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പുതിയ ഇലക്ട്രിസിറ്റി ആഫീസ് അനുവദിച്ചത് സംബന്ധിച്ച് 17.3.2001 തീയതിയിലെ 618/2001/TCI/S/4372/98 നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**നെന്മാറ മണ്ഡലത്തിലെ വൈദ്യുതി കണക്ഷന്‍**

**5171 ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം നെന്മാറ മണ്ഡലത്തില്‍ എത്ര കുടുംബങ്ങള്‍ക്ക് വൈദ്യുതി കണക്ഷന്‍ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇത് ഏതെല്ലാം വിഭാഗങ്ങള്‍ക്കാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**മലപ്പുറം മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസുകൾ**

**5172 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയിൽ പുതുതായി കെ.എസ്.ഇ.ബിയുടെ എത്ര സെക്ഷൻ ഓഫീസുകൾ ആരംഭിച്ചു;

(ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി ഡിവിഷനുകീഴിലെ പൂക്കോളത്തൂർ സെക്ഷൻ ഓഫീസ് രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ഡി) മലപ്പുറം മണ്ഡലത്തിൽ പുതുതായി ഇനിയും സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**രാമനാട്ടുകര വൈദ്യുതി സബ്സ്റ്റേഷന്‍ ഭൂമിയ്ക്ക് അടയ്ക്കേണ്ട തുക**

5173 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 1992 ല്‍ രാമനാട്ടുകര വൈദ്യുതി സബ്സ്റ്റേഷന്‍ നിര്‍മ്മാണത്തിനായി പൊന്നും വിലക്കെടുത്ത ഭൂമിക്ക് കോടതിയില്‍ അടയ്ക്കേണ്ട തുക പത്ത് വര്‍ഷത്തിന് ശേഷവും കെട്ടിവച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ കോഴിക്കോട് സബ് കോടതിയുടെ എല്‍. എ.ആര്‍152/02 നമ്പരുമായി ബന്ധപ്പെട്ട പ്രസ്തുത വസ്തുവിന്റെ ഉടമ മരണമടഞ്ഞതിനാല്‍ അദ്ദേഹത്തിന്റെ വിധവ കനീസ് ഫാത്തിമ റഹ്മാന് പണം ലഭ്യമാക്കാന്‍ നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>തെരുവു വിളക്കുകള്‍ പ്രകാശിപ്പിക്കുന്നതിന് നടപടി</u>

**5174 ശ്രീ. എം. എ. വാഹിദ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി. നാലാഞ്ചിറ സെക്ഷന്റെ കീഴിലുള്ള കേരളാദിത്യപുരത്തും പരിസര പ്രദേശങ്ങളിലും ദീര്‍ഘനാളായി തെരുവു വിളക്കുകള്‍ പ്രകാശിക്കാതിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കേരളാദിത്യപുരം ജംഗ്ഷനില്‍ സ്ഥാപിച്ചിരിക്കുന്ന സോഡിയം വേപ്പര്‍ ലാമ്പ് മാസങ്ങളായി പ്രകാശിക്കാതിരുന്നിട്ടും പ്രസ്തുത വിളക്ക് പ്രവര്‍ത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; ഇത് എന്ന് പ്രവര്‍ത്തനക്ഷമമാകുമെന്ന് അറിയിക്കാമോ ;

(സി) കേരളാദിത്യപുരത്തെയും പരിസരപ്രദേശങ്ങളിലെയും പ്രവര്‍ത്തനക്ഷമമല്ലാത്ത തെരുവു വിളക്കുകള്‍ അടിയന്തിരമായി പ്രവര്‍ത്തന ക്ഷമമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി സൗത്ത് സെക്ഷനിൽ വൈദ്യുതി കണക്ഷനുള്ള അപേക്ഷ**

5175 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി കൊയിലാണ്ടി സൗത്ത് സെക്ഷനിൽ ചെറിയമങ്ങാട് തെക്കെതലപറമ്പിൽ രാധ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ ലഭിച്ചത് എന്നാണ്; പ്രസ്തുത അപേക്ഷയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കുഴൽമന്ദം മോഡൽ പോളിടെക്നിക് കെട്ടിടം</u>**

5176 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള മോഡൽ പോളിടെക്നിക്കിന് ആവശ്യമായ കെട്ടിടം ഇല്ലാത്തതിനാൽ ഈ വർഷം അഡ്മിഷൻ നടക്കുന്നില്ലെന്നും കെട്ടിടം നിർമ്മിച്ചുകൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട അനെർട്ടിന്റെ അനാസ്ഥയാണ് ഇതിന് കാരണവുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടം നിർമ്മിച്ചുകൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഇലക്ട്രിക്കൽ സർക്കിളുകളിൽ സേഫ്റ്റി ഓഫീസർ**

**5177 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും സേഫ്റ്റി ഓഫീസറെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സേഫ്റ്റി ഓഫീസർമാരായി നിയമിക്കപ്പെടുന്നതിനുളള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സേഫ്റ്റി ഓഫീസർമാരെ നിയമിക്കുമ്പോൾ കേന്ദ്ര സർക്കാർ 2010 സപ്തംബർ 24ന് പുറപ്പെടുവിച്ച 244 -ാംനമ്പർ അസാധാരണ ഗസറ്റിലെ അധ്യായം 2ൽ പറഞ്ഞ പ്രകാരമുളള മാനദണ്ഡങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തൃശൂർ ജില്ലയിൽ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സഹായം**

**5178 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ വൈദ്യുതാഘാതമേറ്റ് എത്രപേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങിനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കോഴിക്കോട് കെ. എസ്. ഇ. ബി. ഓഫീസുകളിലെ ഒഴിവുള്ള തസ്തികകള്‍**

**5179** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം കെ. എസ്. ഇ. ബി. സെക്ഷന്‍ ഓഫീസുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയര്‍മാരുടേയും സബ് എഞ്ചിനീയര്‍മാരുടേയും ഒഴിവുകള്‍ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) മേല്‍പ്പറഞ്ഞ ഓഫീസുകളിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളില്‍ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം മോണോ റെയിൽ പദ്ധതി**

5180 **ശ്രീ. സി.ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**തിരുവനന്തപുരത്ത് മോണോ റെയിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആരംഭിച്ച പ്രവർത്തികളേതൊക്കെ യെന്നും, ആയതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറിക്ക് സ്ഥലം**

5181 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി പൊതുമേഖലയിലാണോ, സ്വകാര്യ മേഖലയിലാണോ, സംയുക്ത മേഖലയിലാണോ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംയുക്ത മേഖലയിലാണെങ്കിൽ എത്ര ശതമാനം ഓഹരികളാണ് സ്വാകര്യ മേഖലയ്ക്ക് നൽകുവാൻ തീരുമാനിച്ചിട്ടുളളത്;

(സി) എത്ര ഏക്കർ സ്ഥലമാണ് കോച്ച് ഫാക്ടറിക്കായി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇങ്ങനെ നൽകുന്ന സ്ഥലത്തിന് ഏക്കറിന് എന്തു വിലയാണ് നിശ്ചയിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ഇ) സ്ഥലം നൽകുന്ന സർക്കാരിന് കോച്ച് ഫാക്ടറിയിൽ ഓഹരികൾ ലഭിക്കുമോയെന്നു വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ 'ആദർശ്' സ്റ്റേഷനുകൾ**

5182 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ റെയിൽവേ സ്റ്റേഷനുകളാണ് 'ആദർശ്' സ്റ്റേഷനുകളായി അംഗീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ആദർശ് സ്റ്റേഷനുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ആർദശ് സ്റ്റേഷൻ പ്രഖ്യാപനം എന്നാണ് നടത്തിയതെന്നും ഇതിനോടനുബന്ധിച്ച് നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>നീലേശ്വരം റെയിൽവേ സ്റ്റേഷനിലെ മലിനീകരണം</u>

5183

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നീലേശ്വരം റെയിൽവേ സ്റ്റേഷനിലെ രണ്ടാം നമ്പർ പ്ലാറ്റ്ഫോമിന് വീതി കുറവായത് കാരണം പ്രസ്തുത പ്ലാറ്റ് ഫോമിനോട് ചേർന്ന് ഗുഡ്സ് ട്രാക്കിലെത്തുന്ന ട്രെയിനുകളിൽ നിന്നും ആരി, സിമന്റ് എന്നിവ ഇറക്കുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം യാത്രക്കാരെ സാരമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കാവല്‍ക്കാരില്ലാത്ത റെയില്‍വേ ക്രോസുകള്‍**

**5184** **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഗാര്‍ഡില്ലാത്ത റെയില്‍വേ ലെവല്‍ ക്രോസ്സുകളില്‍ തുടര്‍ അപകടങ്ങള്‍ ഉണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) 2011 ജനുവരി മുതല്‍ നാളിതുവരെ ഗാര്‍ഡില്ലാത്ത ലെവല്‍ ക്രോസ്സുകളിലെ അപകടങ്ങളില്‍പ്പെട്ട് എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേര്‍ പരിക്കേറ്റ് ഗുരുതരാവസ്ഥയിലുണ്ടെന്നും റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ലെവല്‍ ക്രോസുകളില്‍ കാവല്‍ക്കാരെ നിയമിക്കാന്‍ റെയില്‍വേയോട് ആവശ്യപ്പെട്ടിരുന്നുവോ; എങ്കില്‍ പ്രസ്തുത ആവശ്യപ്രകാരം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാവല്‍ക്കാരെ റെയില്‍വേ ഏര്‍പ്പെടുത്തുന്നില്ലെങ്കില്‍ ലെവല്‍ക്രോസ് അപകടങ്ങള്‍ ഒഴിവാക്കുന്നതിന് സംസ്ഥാന സര്‍ക്കാര്‍ ഉചിതമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കായംകുളം റയിൽവേ സ്റ്റേഷനിൽ പാർക്കിംഗ് ഷെഡ്**

**5185 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കായംകുളം റയിൽവേ സ്റ്റേഷനെ ജംഗ്ഷനായി ഉയർത്തിയിട്ടും യാത്രക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥിരമായ സംവിധാനം ഇവിടെ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ ഇവിടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാവശ്യമായ പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തുറവൂരിലും എഴുപുന്ന-എരമല്ലൂർ റോഡിലും റെയിൽവേ ഓവർബ്രിഡ്ജ്**

5186 **ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തുറവൂർ ക്ഷേത്രത്തിനും നിയുക്ത തുറവൂർ-പമ്പാ പാതയ്ക്കും സമീപമുള്ള തുറവൂർ റെയിൽവേ ക്രോസിംഗിൽ ഓവർ ബ്രിഡ്ജ് പണിയുന്നതിനുള്ള അനുമതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) എഴുപുന്ന-എരമല്ലൂർ റോഡിൽ റെയിൽവേ ഓവർ ബ്രിഡ്ജ് പണിയുന്നതിനുള്ള അനുമതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽ ക്രോസുകൾ മൂലമുള്ള അപകടങ്ങൾ</u>**

5187 **ഡോ: എൻ. ജയരാജ്**
**ശ്രീ. പി. സി. ജോർജ്**
**,, റോഷി അഗസ്റ്റിൻ**
**,, എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽ ക്രോസുകൾ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇപ്രകാരമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ; ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. കൺസൾട്ടൻസി റിപ്പോർട്ട്**

5188 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന് മാനേജ്മെന്റ് നിയോഗിച്ച കൺസൾട്ടൻസിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓർഡിനറി ബസ്സുകൾ കുറയ്ക്കണമെന്നത് ഉൾപ്പെടെയുളള ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ചുളള അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി വിദേശസഹായം**

**5189 ശ്രീ. പി.റ്റി.എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തലിനായി വിദേശസഹായം തേടുന്നതിന് ചർച്ചകൾ നടന്നിട്ടുണ്ടോ;

(ബി) ഏതു രാജ്യവുമായാണ് ചർച്ചകൾ നടന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### കെ.എസ്.ആര്‍.ടി.സി.ക്ക് പ്രതിദിനമുണ്ടാകുന്ന നഷ്ടം

5190 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.ക്ക് സര്‍വ്വീസ് നടത്തുന്ന ഇനത്തില്‍ പ്രതിദിനം കടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ആര്‍.ടി.സി.യെ ലാഭത്തിലാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പയ്യന്നൂർ ഡിപ്പോയ്ക്ക് ഡീലക്സ് ബസുകൾ**

5191 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഡിപ്പോയിൽ നിന്നും അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന നിലവിലുള്ള കെ.എസ്.ആർ.ടി.സി സൂപ്പർ എക്സ്പ്രസ് ബസുകൾക്ക് പകരമായി ഡീലക്സ് ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ കൂടുതൽ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യിലെ ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം**

5192 ശ്രീ. പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. രാജേന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുകാരണം കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം ഉയർന്ന തസ്തികയിലേയ്ക്കാണ് നിയമനം നടത്തേണ്ടതെന്നും ഓരോ തസ്തികയിലേയ്ക്കുമുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) യോഗ്യതയിൽ ഇളവുവരുത്തി പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേയ്ക്ക് യോഗ്യതയുള്ളവരിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക</u>

5193 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. എത്ര ലോ ഫ്ലോർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ബി) കെ.എസ്.ആർ.ടി.സി. നടത്തുന്ന സർവ്വീസുകളിൽ എത്രയെണ്ണമാണ് നഷ്ടത്തിലുള്ളതെന്ന് ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന സർവ്വീസുകൾ</u>

5194 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പുതിയ കരാർ അനുസരിച്ച് അന്തർ സംസ്ഥാന സർവ്വീസുകൾക്ക് എത്ര കിലോമീറ്റർ അനുവദി ച്ചിട്ടുണ്ട് ;

(ബി) നിലവിൽ എത്ര കിലോമീറ്റർ ദൂരം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(സി) ഇനിയും എത്ര കിലോമീറ്റർ ബാക്കി സർവ്വീസ് നടത്താനുണ്ട് ; മൂന്നാറിൽ നിന്നും വിവിധ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ;

(ഡി) കരാർ പ്രകാരം ബാക്കിയുള്ള കിലോമീറ്ററിൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ മോട്ടോർ വാഹന കേസ്സുകളുടെ വിശദാംശം**

5195 **ശ്രീമതി. കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ബഹു. ഹൈക്കോടതി യിലടക്കം സംസ്ഥാനത്തെ വിവിധ കോടതികളിലായി മോട്ടോർ വാഹനക്കേസുകളിൽ കെ.എസ്.ആർ.ടി.സി യുടെ എത്ര കേസ്സുകൾ പരിഗണ നയിൽ വന്നു; അതിൽ എത്ര കേസ്സുകൾ കെ.എസ്. ആർ.ടി.സി. തോറ്റു; ഏതെങ്കിലും കേസ്സുകളിൽ ജയിച്ചുവോ ; വിശദമാക്കുമോ ;

(ബി) കേസ്സുകൾ തോറ്റ വകയിൽ കോർപ്പറേഷന് എത്ര ലക്ഷം രൂപ യുടെ നഷ്ടം വന്നു;

(സി) ഇത്തരം കേസ്സുകൾ തോൽക്കുവാൻ കാരണം കെ.എസ്.ആർ.ടി.സി നിയോഗിച്ച അഭിഭാഷകരുടെ വീഴ്ച യാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുവാൻ കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കെ.എസ്.ആർ.ടി.സി യുടെ ബഹു. ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കോൺസലായി ഈ സർക്കാർ നിയമിച്ചത് ആരെയാണ് ; ഇദ്ദേഹം കോർപ്പറേഷനുവേണ്ടി എത്ര കേസ്സിൽ ഹാജരായി ; ഇദ്ദേഹം ഹാജരാകാതെ വന്നാൽ പകരം ജൂനിയർ അഭിഭാഷകരെയാണോ കോർപ്പറേഷനുവേണ്ടി ഹാജരാക്കുന്നത് ; വിശദമാക്കുമോ ;

(എഫ്) കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ടു ഹാജരാകാത്തതിനാലാണ് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതെന്നതും ശ്രദ്ധയിൽപ്പെട്ടുവോ ;

(ജി) ജൂനിയർ അഭിഭാഷകരെ കേസ്സ് നടത്തുവാൻ ബന്ധപ്പെട്ടവർചുമതലപ്പെടുത്തുന്നത് കോർപ്പറേഷനുമായുള്ള കരാർ അനുസരിച്ചാണോ; വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

(എച്ച്) ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന കേസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി എന്ത് തുകയാണ് അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയത്?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>റൂട്ട് മാറ്റവുമായി ബന്ധപ്പെട്ട കേസുകള്‍</u>

5196

**ശ്രീ. കെ. രാധാകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ഒരു വര്‍ഷത്തിനുള്ളില്‍ റൂട്ട് മാറ്റവുമായി ബന്ധപ്പെട്ട് കെ.എസ്.ആര്‍.ടി.സി. എത്ര കേസുകള്‍ നടത്തിയിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഇവയില്‍ കെ.എസ്.ആര്‍.ടി.സി. യുടെ ഭാഗം തോറ്റതായി എത്ര കേസുകളുണ്ടെന്നും അതുവഴി ഉണ്ടായിട്ടുള്ള നഷ്ടമെത്രയാണെന്നും പറയാമോ;

(സി) ഇപ്രകാരം ഭൂരിഭാഗം കേസുകളും തോല്‍ക്കുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പറയാമോ;

(ഡി) കേസ് നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചകളാണ് ഈ തോല്‍വിക്കും നഷ്ടങ്ങള്‍ക്കും കാരണമെന്ന ആക്ഷേപങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കില്‍ കാര്യക്ഷമമായി കേസുകള്‍ കൈകാര്യം ചെയ്യുവാനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഡീസൽ ക്ഷാമം**

5197

### ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡീസൽ ക്ഷാമം നിമിത്തം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസുകൾ നിർത്തിവെച്ചു എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലാണ് ഡീസൽ ക്ഷാമം അനുഭവപ്പെട്ടത്;

(സി) കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഡീസൽ ക്ഷാമം നിമിത്തം സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസുകളാണ് റദ്ദ് ചെയ്തത്;

(ഡി) സർവ്വീസുകൾ മുടങ്ങുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മുൻകൂട്ടി പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**അപകടത്തിൽപ്പെടുന്ന ലോഫ്ളോർ ബസ്സുകൾ**

5198 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ. ടി. സി. യുടെ ലോ ഫ്ളോർ ബസുകൾ ഉൾപ്പെടെയുളളവയുടെ അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുളള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ നിരത്തുകളിൽ ഓടുന്ന വാഹനങ്ങളിൽ ബഹുഭൂരിപക്ഷവും ഫ്രണ്ട് എൻജിൻ വാഹനങ്ങളാണെന്നതും, ലോഫ്ളോർ വാഹനങ്ങൾ റിയർ എൻജിൻ ഉളളവയാണെന്നതും, ഇത്തരം വാഹനങ്ങൾ ഉൾപ്പെടെ വരുത്തുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിയ്ക്കുന്നതിനുളള നടപടികൾ ആലോചിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പാപ്പനംകോട് കെ.എസ്.ആര്‍.ടി.സി ബസ് സ്റ്റേഷന്‍**

**5199** **ശ്രീ. വി. ശിവന്‍കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് കെ.എസ്.ആര്‍.ടി.സി ബസ് സ്റ്റേഷനകത്തേക്ക് ബസ്സുകള്‍ പ്രവേശിക്കാതെ റോഡില്‍ തന്നെ യാത്രക്കാരെ ഇറക്കുന്നതിനും കയറ്റുന്നതിനുമായി നിര്‍ത്തുന്നതു കാരണം ഗതാഗത കുരുക്കുണ്ടാകുന്നതും അപകടമരണങ്ങള്‍ സംഭവിച്ചതും ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത പ്രവൃത്തി ഉടന്‍ നിര്‍ത്തലാക്കുന്നതിനും ബസ്സുകള്‍ പ്രസ്തുത ബസ്സ്സ്റ്റേഷനില്‍ പ്രവേശിച്ച് യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നതിനുളള സംവിധാനം ഏര്‍പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാന്‍ തയ്യാറാകുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ കെ.എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ**

5200

**ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ദിവസവും എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റു ചെയ്യുന്നത്; ഇതിന് എത്ര ബസ്സുകളാണ് വേണ്ടത്;

(ബി) നിലവിൽ ഡിപ്പോയിൽ പ്രവർത്തനക്ഷമമായ എത്ര ബസ്സുകളാണുള്ളത്; ബസ്സുകളുടെ കുറവുമൂലം പ്രതിദിനം എത്ര ഷെഡ്യൂകളാണ് റദ്ദാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ റദ്ദാക്കാതെ സർവ്വീസ് നടത്താൻ ആവശ്യമായ പുതിയ ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ആലപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ വെള്ളക്കെട്ട്</u>

5201 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വെള്ളക്കെട്ട് മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വെള്ളക്കെട്ട് മാറ്റാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ കാലവർഷം ശക്തിപ്പെടുന്നതിന് മുൻപ് വെള്ളക്കെട്ടു മാറ്റാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തൃശൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് നവീകരണം**

5202

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് നവീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### ചാലക്കുടി - മലക്കപ്പാറ സർവ്വീസ്

5203 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽനിന്നും മലക്കപ്പാറയിലേയ്ക്ക് സർവ്വീസ് നടത്തുന്ന ഒരേയൊരു കെ.എസ്.ആർ.ടി.സി ബസ്സ് കേടാവുന്നത് മൂലം യാത്രക്കാർ ദുരിതം അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ പകരം ഒരു ബസ്സ് കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>മഞ്ചേരിയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ</u>**

**5204**

**ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ മഞ്ചേരി വഴി മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ, പാണ്ടിക്കാട് ഭാഗങ്ങളിലേയ്ക്ക് കെ. എസ്. ആർ ടി. സി. ബസ്സുകൾ ആവശ്യത്തിനില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് മറ്റ് ഭാഗങ്ങളിലൂടെ പോകുന്ന കെ.എസ്. ആർ. ടി. സി. ബസ്സുകൾ തിരിച്ചുവിട്ട് യാത്രാക്ലേശം പരിഹരിക്കുന്നകാര്യം പരിഗണിക്കുമോ?

(സി) പകൽ സമയങ്ങളിൽ മഞ്ചേരിയിൽ നിന്നും ദീർഘഭൂര സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ആലോചിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ്**

5205

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വടകര-തൊട്ടിൽപ്പാലം ചെയിൻസർവ്വീസ് ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ആവശ്യത്തിന് എത്ര ബസ്സുകൾ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുളളത്;

(സി) ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുളളത്;

(ഡി) പമ്പ് സ്ഥാപിക്കുന്നതിന് പ്രസ്തുത ഡിപ്പോകളിൽ ഏതിലാണ് സൗകര്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് - കണ്ണൂർ - കാസർഗോഡ് റൂട്ടിൽ</u>**
**<u>ലോ ഫ്ളോർ സർവ്വീസ്</u>**

**5206 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കണ്ണൂർ - കാസർഗോഡ് റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ ലോ ഫ്ളോർ എ.സി./നോൺ എ.സി. ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കണ്ണൂർ - പഴയങ്ങാടി - പയ്യന്നൂർ, കണ്ണൂർ - തലശ്ശേരി, കണ്ണൂർ - മട്ടന്നൂർ എന്നിവിടങ്ങളിലേയ്ക്ക് ലോ ഫ്ളോർ എ.സി./നോൺ എ.സി. ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തൃക്കരിപ്പൂർ - ബാംഗ്ലൂർ ബസ് സർവ്വീസ്**

5207 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നിരവധി സ്വകാര്യ ബസ്സുകൾ ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് നടത്തുന്ന തൃക്കരിപ്പൂരിൽ നിന്നും ബാംഗ്ലൂരിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കരുനാഗപ്പള്ളി കെ.എസ്.ആര്‍.ടി.സി ഷോപ്പിംഗ് കോംപ്ലക്സ്</u>**

**5208 ശ്രീ. സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആര്‍.ടി.സി. ഡിപ്പോയില്‍ ഷോപ്പിംഗ് കോംപ്ലക്സ് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നിലവില്‍ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഏത് ഏജന്‍സിയെയാണ് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ക്ക് ചുമതലപ്പെടുത്തിയിട്ടുളളത്?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻഡ് - കം- ഷോപ്പിംഗ് കോംപ്ലക്സ്**

5209

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്. ആർ. ടി. സി. ബസ് സ്റ്റാന്റ് -കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്;

(ഡി) നിർമ്മാണച്ചുമതല ആർക്കാണെന്നും നിർമ്മാണച്ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മലബാറിലെ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയത**

5210

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) മലബാറിലെ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയതമൂലം യാത്രക്കാർ അമിത ചാർജ്ജ് നൽകേണ്ടിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിനും ഫെയർ സ്റ്റേജ് നിർണ്ണയം പുന:പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ</u>

5211 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇപ്പോൾ റൂട്ടിൽ ഓടുന്ന സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പ്രസ്തുത മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തൃശൂർ-കോഴിക്കോട്, ഗുരുവായൂർ-കോഴിക്കോട്, പാലക്കാട്-കോഴിക്കോട് റൂട്ടുകളിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര ബസ്സുകൾ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളാക്കി മാറ്റി; എത്ര ബസ്സുകൾക്ക് പുതുതായി ഫാസ്റ്റ് പാസ്സഞ്ചർ റൂട്ട് അനുവദിച്ചു; റൂട്ട് തിരിച്ച് വിശദമാക്കുമോ;

(ഡി) വിദ്യാർത്ഥികളെ സ്വകാര്യ ബസ്സുകളിൽ കയറ്റാതിരിക്കുന്നതിനാണ് പ്രധാനമായും ഫാസ്റ്റ് പാസ്സഞ്ചറാക്കി മാറ്റുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കോടതിവിധി പ്രകാരം ഫാസ്റ്റ് പാസ്സഞ്ചറാക്കുവാൻ ഉദ്യോഗസ്ഥർ കൂട്ട് നിൽക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ, എല്ലാ സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളുടെയും രേഖകൾ പരിശോധിക്കുന്നതിനും, സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചറുകളിൽ വിദ്യാർത്ഥികൾക്ക് നിരക്ക് ഇളവ് അനുവദിക്കുന്നതിനും, കോടതി ഉത്തരവുകൾക്ക് അപ്പീൽ പോകുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യബസ്സുകളുടെ മത്സരഓട്ടം</u>**

5212 ശ്രീ. പി.കെ. ഗുരുദാസൻ
,, സി.കൃഷ്ണൻ
,, കെ. ദാസൻ
,, കെ.വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾ മത്സരഓട്ടം നടത്തുന്നതു മൂലം അപകടങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മത്സരഓട്ടം നടത്തുന്നത് കണ്ടെത്തി കർശന നടപടി സ്വീകരിക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മത്സരഓട്ടം കണ്ടെത്തിയാൽ ബസ്സിന്റെ റൂട്ട് കാൻസൽ ചെയ്യണമെന്ന നിർദ്ദേശം അനുസരിച്ച് ഏതെല്ലാം റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് നേരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വാഹനങ്ങളിൽ ജി. പി. ആർ. എസ്. സംവിധാനം</u>

5213 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) ആയതിനുവേണ്ടി ഏതെല്ലാം തസ്തികകളിൽ എത്ര വീതം ജീവനക്കാർ ഇപ്പോൾ സർവ്വീസിലുണ്ട്; വിശദമാക്കുമോ;

(സി) വാഹനങ്ങളെ തിരിച്ചറിയുന്നതിനും അവയുടെ പൊസിഷൻ അറിയുന്നതിനും വാഹനങ്ങളിൽ ജി. പി. ആർ. എസ്. സംവിധാനമുള്ള ചിപ്പുകൾ ഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വാഹനങ്ങളിലെ നമ്പര്‍ പ്ലേറ്റുകള്‍**

**5214 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വാഹനങ്ങളിലെ നമ്പര്‍ പ്ലേറ്റുകള്‍ എഴുതി പ്രദര്‍ശിപ്പിക്കുന്നതിലെ നിബന്ധനകളും മാനദണ്ഡങ്ങളും നിലവില്‍ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ;

(ബി) പല സ്വകാര്യ വാഹനങ്ങളിലും ഫാന്‍സി രൂപത്തില്‍ നമ്പര്‍ പ്ലേറ്റുകള്‍ എഴുതി പ്രദര്‍ശിപ്പിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കില്‍ പ്രസ്തുത വിഭാഗക്കാര്‍ക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വാഹനങ്ങളിലെ സൺ ഫിലിം**

**5215** **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ സൺ ഫിലിം ഒഴിവാക്കുവാൻ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വിധിപ്രകാരം എത്ര ശതമാനം സുതാര്യത ഫിലിമുകൾ ഗ്ലാസുകളിൽ ഒട്ടിക്കാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച അനന്തര നടപടിക്കായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സുപ്രീംകോടതി വിധിയുടെ മറവിൽ അധികാരികൾ വാഹന ഉടമകളിൽ നിന്നും അന്യായമായി പിഴ ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന നികുതി കുടിശ്ശിക**

**5216** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന നികുതി ഇനത്തിൽ ഇനിയും പിരിച്ചെടുക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് പറയാമോ ; ഇത് പിരിച്ചെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് പറയാമോ ;

(ബി) ജീവനക്കാരുടെ കുറവുമൂലം മേൽപറഞ്ഞ കുടിശിക പിരിക്കുന്നതടക്കം മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ പിരിവ് വേണ്ട രീതിയിൽ നടക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നു പറയാമോ ; മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് മോട്ടോർ വാഹന വകുപ്പിലെ നിലവിലുള്ള ജോലിഭാരം കുറയ്ക്കുവാനും കുടിശ്ശിക പിരിച്ചെടുക്കുവാനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ**

**5217 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം സ്കൂളുകളുടെ നടത്തിപ്പുകാർക്കെതിരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മോട്ടോർ വാഹന വകുപ്പ് കോഴിക്കോട് ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ഡ്രൈവിംഗ് സ്കൂളുകളിലാണ് ന്യൂനതകൾ കണ്ടെത്തിയിട്ടുള്ളത്;

(എഫ്) പ്രസ്തുത ന്യൂനതകളെന്തെല്ലാമെന്ന് ഡ്രൈവിംഗ് സ്കൂളുകളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**18 വയസ്സിന് താഴെയുള്ളവരുടെ ഡ്രൈവിംഗ്**

**5218** **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സിനു താഴെയുള്ള വാഹനമോടിച്ച എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇത്തരക്കാർ വാഹനമോടിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ആര്‍. ടി. ഓഫീസുകളില്‍ ബയോമെട്രിക് സംവിധാനം</u>

5219

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആര്‍. ടി. ഓഫീസുകള്‍ ഇപ്പോള്‍ ഇടനിലക്കാരുടെ താവളമാണെന്നുളള വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ ആര്‍. ടി. ഓഫീസുകളില്‍ ജീവനക്കാര്‍ക്ക് ബയോ മെട്രിക് ഹാജര്‍ സംവിധാനവും ഫോട്ടോ പതിച്ച തിരിച്ചറിയല്‍ കാര്‍ഡും ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ ആയത് എന്നുമുതല്‍ നടപ്പില്‍ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ആദ്യപടിയായി എത്ര ആര്‍. ടി. ഓഫീസുകളില്‍ ആയത് നടപ്പില്‍ വരുത്തും. വിശദമാക്കുമോ;

(എഫ്) ബയോമെട്രിക് സംവിധാനത്തിന്റെ ചുമതല ഏത് ഏജന്‍സിയ്ക്കാണ് നല്‍കിയിട്ടുളളത്; ആയതിലേയ്ക്കായി ചെലവഴിക്കുവാന്‍ ഉദ്ദേശിക്കുന്ന തുക എത്ര; വ്യക്തമാക്കുമോ;

(ജി) ഇത്തരത്തിലുളള ഹാജര്‍ സംവിധാനം വഴിയും ഫോട്ടോ പതിച്ച തിരിച്ചറിയല്‍ കാര്‍ഡ് വഴിയും ഇടനിലക്കാരെ ഒഴിവാക്കുവാനും അഴിമതി തുടച്ചുനീക്കുവാനും സാധിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷൻ കാലതാമസം</u>

5220 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടത്തി ആവശ്യമായ രേഖകൾ വാഹന ഉടമകൾക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ വാഹനം രജിസ്റ്റർ ചെയത് ബന്ധപ്പെട്ട രേഖകൾ വാഹന ഉടമയ്ക്ക് ലഭിക്കുവാൻ എത്ര ദിവസമാണ് നിഷ്കർഷിച്ചി രിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**<u>വാഹന ഉടമകളുടെ മേൽവിലാസം</u>**

**5221 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹന ഉടമകളുടെ പൂർണ്ണ മേൽവിലാസം നിലവിൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) വാഹനങ്ങളുടെ റെക്കോർഡുകൾ (സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്, പെർമിറ്റ്, ടൈം ലിസ്റ്റ്) എന്നിവ നെറ്റിൽ പ്രദർശിപ്പിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിലെ ആർ.ടി.ഒ., ജെ.ആർ.ടി.ഒ., ഇൻസ്പെക്ടർമാർ എന്നിവർക്ക് സർക്കാർ മൊബൈൽ ഫോൺ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കുമോ ; ഉണ്ടെങ്കിൽ പ്രസ്തുത നമ്പർ പ്രസിദ്ധീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സബ് ആർ.റ്റി. ഓഫീസുകളുടെ വിഭജനം**

**5222** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിൽ സബ് ആർ.റ്റി ഓഫീസുകൾ ഇല്ലാത്ത എത്ര താലൂക്കുകൾ ഉണ്ട്;**

(ബി) **പ്രസ്തുത താലൂക്കുകളിൽ സബ് ആർ.റ്റി ആഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(സി) **വാഹന സാന്ദ്രത കൂടിയ സബ് ആർ.റ്റി ആഫീസുകൾ വിഭജിച്ച് പുതിയ ആഫീസുകൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ;**

(ഡി) **എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;**

(ഇ) **തൃശൂർ, കൊല്ലം ജില്ലകളിൽ റൂറൽ ആർ.റ്റി ആഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വൈക്കം ആർ.റ്റി. ഓഫീസിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിശദാംശം**

5223 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വൈക്കം ആർ.ടി. ഓഫീസിൽ എത്ര ടൂറിസ്റ്റ് ടാക്സി വാഹനങ്ങളും എത്ര മോട്ടോർ ബൈക്കുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ടൂറിസ്റ്റ് വാഹനങ്ങളിൽ 5 സീറ്റ്, 7 സീറ്റ്, 14 സീറ്റ്, 27 സീറ്റ് എന്നിവ എത്ര വീതമെന്നു വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം വൈക്കം ആർ. ടി. ഓഫീസ് പരിധിയിൽ എത്ര കള്ളടാക്സികളുടെ മേൽ നടപടി എടുത്തിട്ടുണ്ട്;

(ഡി) വൈക്കം ആർ.ടി. ഓഫീസിലെ വാഹന ബാഹുല്യത്തിനും ജോലി ഭാരത്തിനും അനുസൃതമായി ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**മോട്ടോർ വാഹന വകുപ്പിന്റെ ശാസ്തീയമായ – സമഗ്രപുനസംഘടന**

**5224 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ വർദ്ധനവ് പരിഗണിച്ച് ജീവനക്കാരെ നിയമിക്കുവാൻ തയ്യാറാകുമോ;

(സി) വകുപ്പിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയാണ്; തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ ശാസ്ത്രീയമായ സമഗ്ര പുന:സംഘടനയ്ക്ക് പഠന റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ; എങ്കിൽ അവ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹനവകുപ്പിലെ ശമ്പളപരിഷ്ക്കരണവും സ്ഥലം മാറ്റവും**

5225 ശ്രീ. സി.കെ. നാണു
'' ജോസ് തെറ്റയിൽ
'' മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ കാലങ്ങളിൽ പോലീസ് വകുപ്പിലെ എസ്ഐ, സിഐ, ഡിവൈഎസ്പി, എസ്പി തുടങ്ങിയ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ലഭിച്ചിരുന്ന വേതനത്തിന് തുല്യമായിരുന്ന മോട്ടോർ വാഹന വകുപ്പിലെ എഎംവിഐ, എംവിഐ, ജോയിന്റ് ആർറ്റിഒ, ആർറ്റിഒ തുടങ്ങിയ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വേതനത്തിൽ സംഭവിച്ച കുറവ് പരിഹരിക്കുന്നതിനായി മുൻ സർക്കാർ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) സംഘടനകളുടേയും വകുപ്പിന്റെയും അഴിമതി കുറക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായി സ്ഥലം മാറ്റത്തെ സംബന്ധിച്ച് മുൻ സർക്കാരിന്റെ തീരുമാനത്തിന് വിരുദ്ധമായി സ്വീകരിച്ചിട്ടുള്ള നിലപാട് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥലം മാറ്റത്തെ സംബന്ധിച്ച മുൻ ഉത്തരവുകളിൽ മാറ്റം വരുത്തുമ്പോൾ വകുപ്പുതല സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹനവകുപ്പിലെ സ്ഥലം മാറ്റം**

5226 ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
,, ബി. ഡി. ദേവസ്സി
ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ മുൻസർക്കാർ ആവിഷ്കരിച്ച മൂന്ന് വർഷത്തിൽ ഒരിക്കൽ സ്ഥലം മാറ്റം എന്ന മാനദണ്ഡത്തിന്റെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത മാനദണ്ഡത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മേയ് മാസത്തിൽ പൂർത്തിയാക്കിയ പൊതുസ്ഥലം മാറ്റത്തിൽ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ വീണ്ടും ട്രാൻസ്ഫർ ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**<u>ആർ.റ്റി. ആഫീസുകളിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി</u>**

**5227 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ സബ് ആർ.റ്റി. ഓഫീസുകളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്;

(ബി) വാഹനസാന്ദ്രത കൂടിയ ആഫീസുകളിലും സാന്ദ്രത കുറഞ്ഞ ആഫീസുകളിലും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരുടെ എണ്ണം സമാനമായിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹനസാന്ദ്രത വളരെ കൂടുതലുള്ള ആർ.റ്റി. ആഫീസുകളിൽ വാഹനസാന്ദ്രതയ്ക്കനുസരിച്ച് കൂടുതൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ യോഗ്യത**

5228 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനുള്ള നിലവിലെ യോഗ്യത എന്താണ്;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനത്തിനുള്ള യോഗ്യത ബി.ടെക് ആയി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**അരൂക്കുറ്റി- എറണാകുളം ബോട്ട് സർവ്വീസ്**

5229 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

അരൂക്കുറ്റിയിൽ നിന്നും എറണാകുളത്തേക്കുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി അരൂക്കുറ്റിയിൽ നിന്നും എറണാകുളത്തേക്ക് സൂപ്പർ എക്സ്പ്രസ് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിന് ആവശ്യമായ ബോട്ടുകൾ അനുവദിക്കുമോയെന്ന് വിശദമാക്കുമോ?